# നരക്കോട് എ.എൽ.പി സ്കൂൾ

NARAKKODE A.L.P. SCHOOL

N.A.L.P.S

Educate to fit for life

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

സ്കൂളിന്റെ പേര് : നരക്കോട് എ.എൽ.പി. സ്കൂൾ

ഫോൺ നമ്പർ : 9447456695

ഇ.മെയിൽ : narakkodelps@gmail.com

സ്കൂൾ കോഡ് : 16529

വിദ്യാഭ്യാസ ഉപജില്ല : മേലടി

വിദ്യാഭ്യാസ ജില്ല : വടകര

റവന്യൂ ജില്ല : കോഴിക്കോട്

ബി.ആർ.സി : മേലടി

സി.ആർ.സി : മേപ്പയ്യൂർ

ഗ്രാമപഞ്ചായത്ത് : മേപ്പയ്യൂർ

വാർഡ് : 13

നരക്കോട് എ.എൽ.പി. സ്കൂൾ
കോഴിക്കോട്-673307
തീയ്യതി..........
പി.ഒ. കീഴരിയൂർ

ഷാജു കെ.ജെ
പ്രധാനാധ്യാപകൻ
പെൻ നമ്പർ-571272
നരക്കോട് എ.എൽ.പി സ്കൂൾ
പി.ഒ. കീഴരിയൂർ, കോഴിക്കോട്-673307

# ആമുഖം

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ പഞ്ചായത്തിലെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് നരക്കോട് എ.എൽ.പി സ്കൂൾ. ഇരിങ്ങത്ത് നടുവണ്ണൂർ റോഡിൽ മരുതേരിപറമ്പ് എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. സ്കൂൾ സ്ഥാപിതമായത് 1943ൽ ആണ്. ആദ്യകാല മാനേജർ കുളമുക്കിൽ നാരായണൻ നമ്പ്യാരും ഇപ്പോഴത്തെ മാനേജർ കെ.ടി ബാലകൃഷ്ണനുമാണ്.

നരക്കോട് എ.എൽ.പി സ്കൂളിൽ 2025-26 അധ്യയനവർഷം സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പഠനനിലവാരം ഉയർത്തുകയാണ് ഈ മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ നിർമ്മലമായ പരിസ്ഥിതികളോടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുക.
- എൽ കെ ജി മുതൽ നാലാം ക്ലാസ്സു വരെ ഓരോ വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യയനങ്ങളും സർഗാത്മകവും സൗഹൃദവുമാക്കുന്നതിന് ഉപകരിക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ്. |
|---|---|---|---|---|---|
| 1 | മധുരം മലയാളം | വായിക്കാനും എഴുതാനും അറിയാത്ത കുട്ടികൾക്ക് അക്ഷരമുറപ്പിക്കുന്നതിനായി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക ~~പ്രവർ~~ പ്രവർത്തനം അക്ഷര കാർഡ് അക്ഷര ചിത്രം അക്ഷര പാട്ട്. അക്ഷര കഥകൾ പദ ചാർട്ടുകൾ ഉപയോഗിച്ചു കൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ (Hou) | 2000 | 2025-26 |
| 2 | വായനാമരം | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനാമരം. ഒരു മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനയിടം - കവിത, കഥ, അവതരണം നടത്തി ഇരിപ്പുകൾ ഒരുക്കാനും | മരത്തിനു ചുറ്റും വാക്യ കാർഡുകൾ തൂക്കി വാക്യ നിർമ്മാണം, വായന, തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് സ്വന്തമായി വായനയ്ക്ക് പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ കഥ, കവിത, മുതലായവ വൈവിധ്യത്തോടെ അവതരിപ്പിക്കൽ | | 2025-26. |

| | | | | | |
|---|---|---|---|---|---|
| 3 | അറിവുത്സവം | പത്ര വാർത്തകളുടെയും കാലികങ്ങളുടെ വായിച്ച് അറിവു നേടുക ക്വിസ് മത്സരങ്ങൾ. എൽ.എസ്.എസ്. യു.എസ്.എസ് പരീക്ഷകളിൽ വിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം, പത്ര ക്വിസ്. വായനക്കുറിപ്പ് തയ്യാറാക്കൽ. ക്വിസ് മത്സരം ജില്ലാ തലം വരെ നടത്തി പത്രത്തിൽ എഴുതൽ (3.4) | 3000 | 2025-26. |
| 4 | കലോത്സവം | സ്കൂളിലെ മുഴുവൻ കുട്ടികളെയും കഥപറയിക്കൽ/ കഥകൾ പറയിക്കൽ അവസരം ഒരുക്കൽ | ജില്ലാ സർഗോത്സവത്തിൽ കഥ കേൾക്കാനുള്ള അവസരം. കഥാ രചന നടത്തുന്നു (1 to 4) | | 2025-26 |

| | | | | | |
|---|---|---|---|---|---|
| | ഗണിതം ലളിതം | കളികളിലൂടെയും നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും ഗണിതം ലളിതമാക്കൽ. ഗണന ചിന്താശേഷി വളർത്തൽ | ഗണിതകിറ്റ്<br>സംഖ്യാ കാർഡ്<br>സംഖ്യാഗാനം<br>ഗണിത തന്ത്രം തയ്യാറാക്കൽ<br>ഉല്ലാസ ഗണിതം<br>ഗണിത മാഗസിൻ<br>(1 to 4) | 2500 | |
| | Hai English | കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന പ്രത്യേക പരിപാടി Hai English കുട്ടികളെ ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും കഴിവ് വർദ്ധിപ്പിക്കുന്നു. | കമ്പ്യൂട്ടർ സഹായത്തോടെ പഠനത്തിന് പ്രാധാന്യം നൽകുന്ന പരിപാടികൾ Game, [illegible], Conversation എന്നീ പ്രവർത്തനങ്ങൾ നൽകുന്നു.<br>(1 to 4) | | 1 വർഷം |

| | | | | | |
|---|---|---|---|---|---|
| | പരിസരങ്ങളിലൂടെ | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര അറിവുകൾ നിരീക്ഷണം പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കുക. | പരിസര പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനും ആഴ്ചയിൽ ഒരു പിരീഡ് ണ്ട മാറ്റി അവതരിപ്പിക്കൽ പരിസര നിരീക്ഷണം, അറിവും, ശുചീകരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ. (3,4) | 1000 | |

| | | | | | |
|---|---|---|---|---|---|
| | ഉല്ലസിക്കാം | എല്ലാ ദിവസവും Zumba. കളികൾ തുടങ്ങിയവയിലൂടെ മാനസികാരോഗ്യവും കായിക ക്ഷമതയും വർധിപ്പിക്കുക. | Zumba dance എല്ലാ ദിവസവും ഓരോ ക്ലാസിനും നാടൻ കളികൾ പരിശീലനം. (1 to 4) | | |

| | | | | | |
|---|---|---|---|---|---|
| | ആഹാരവും ആരോഗ്യം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനുമുള്ള പദ്ധതി | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം. അമ്മമാരുടെ സഹായത്തോടെ അടുക്കളയിൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകൽ. നാടൻ വിഭവ പ്രദർശനം. (1 to 4) | | |

| | | | | |
|---|---|---|---|---|
| വർണ്ണ കൂടാരം | കുട്ടികളിൽ ചിത്രരചന കഴിവ് പരിപോഷിപ്പിക്കുക. | മനസ്സിലുള്ള സാങ്കല്പിക ചിത്രം വരച്ച്, കാർട്ടൂൺ നിറം നൽകൽ. ഔട്ട് ലൈൻ കൊടുക്കൽ. (1 to 4) | 2000 | |

| | | | | | |
|---|---|---|---|---|---|
| | മധുരിക്കും ഓർമ്മകൾ | പ്രധാന സംഭവങ്ങൾ പ്രവർത്തനങ്ങൾ വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ് പ്രാധാന്യം എന്നിവ കുട്ടികളിൽ അവബോധം വളർത്തുന്നതിന്. | ചിത്ര രചന<br>പ്രശ്നോത്തരി<br>പോസ്റ്റർ<br>കളറിംഗ്<br>റാലി<br>നിർമ്മാണ പ്രവർത്തനം<br>ഡോക്യുമെൻ്റേഷൻ<br>(ജൂൺ മുതൽ മാർച്ച് വരെ) | | |